പുതിയ കോളേജുകളുടെ കെട്ടിട നിർമ്മാണം

127 (7096) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സംസ്ഥാനത്ത് എത്ര പുതിയ കോളേജുകൾ തുടങ്ങുവാൻ അനുമതി നൽകിയിട്ടുണ്ടെന്നും കഴിഞ്ഞവർഷവും ഈ വർഷവുമായി എവിടെയെല്ലാം കോളേജുകൾ പ്രവർത്തനം ആരംഭിച്ചുവെന്നും പറയാമോ ;

(ബി) ഏതെല്ലാം കോളേജുകൾക്ക് ഭൂമി ലഭ്യമാക്കിയിട്ടുണ്ടെന്ന് പറയാമോ ;

(സി) എം.എൽ.എ.-യുടെ പ്രാദേശിക വികസനഫണ്ടോ, മണ്ഡലം ആസ്തിവികസന ഫണ്ടോ വിനിയോഗിച്ച് ഭൂമി വാങ്ങിയിട്ടുള്ള കോളേജുകൾക്ക് കെട്ടിടം ഉൾപ്പെടെ അടിസ്ഥാനസൗകര്യങ്ങൾ നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ)

1. താനൂർ
2. കൊടുവള്ളി
3. കൊണ്ടോട്ടി.
4. മങ്കട
5. ബാലുശ്ശേരി.
6. തൃത്താല
7. ചേലക്കര
8. കാട്ടാക്കട
9. തലശ്ശേരി
10. പയ്യന്നൂർ.
11. നെയ്യാറ്റിൻകര.
12. നാദാപുരം.
13. കൊങ്ങാട്

LIBRARY ARCHIVES Kerala Legislative Assembly

എന്നീ നിയോജകമണ്ഡലങ്ങളിൽ പുതിയ കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇവയിൽ വേങ്ങര മണ്ഡലത്തിൽ എയ്ഡഡ് കോളേജിനും മറ്റ് മണ്ഡലങ്ങളിൽ ഗവ. കോളേജിനുമാണ് അനുമതി നൽകിയിട്ടുള്ളത്.

താനൂർ, കൊടുവള്ളി, കൊണ്ടോട്ടി, മങ്കട, ബാലുശ്ശേരി, തൃത്താല, പേരാമ്പ്ര എന്നീ കോളേജുകളിൽ 2013-14 അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി 6 കോളേജുകളിൽ ഈ അദ്ധ്യയന വർഷം ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

(ബി) ക്ലാസ്സുകൾ ആരംഭിച്ച കോളേജുകളുടെ ഭൂമി സർക്കാരിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) പ്രസ്തുത കോളേജുകൾക്കാവശ്യമായ കെട്ടിടം എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവാക്കി നിർമ്മിക്കണമെന്ന വ്യവസ്ഥയിലാണ് കോളേജുകൾ അനുവദിച്ചിട്ടുള്ളത്.

എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം

128 (7097) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഇതു സംബന്ധിച്ച വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) 1997 മുതൽ കോളേജുകളിൽ അനുവദിച്ച കോഴ്സുകൾക്ക് അദ്ധ്യാപകരെ നിയമിച്ചെങ്കിലും അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഓരോ വർഷവും പുതിയ കോഴ്സുകൾ അനുവദിക്കുന്നതനുസരിച്ച് അനദ്ധ്യാപകരെ നിയമിക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ ദൂരീകരിക്കാൻ ഈ വിഭാഗക്കാർക്ക് നിയമനം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രൊഫ. രവീന്ദ്രനാഥ് കമ്മറ്റിയുടെ ശുപാർശകളിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടും സംസ്ഥാനത്തെ സർവ്വകലാശാലകൾ ഈ വിഷയത്തിൽ സമർപ്പിക്കുന്ന റിപ്പോർട്ടും പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly